Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ബി(4)49037/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 17.06.2013

## സർക്കുലർനം: 40/2013

വിഷയം:– സഹകരണ വകുപ്പ് – ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ ബാങ്കുകൾ ശാഖ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് പ്രായോഗിക പഠനം നടത്തുന്നത്– സംബന്ധിച്ച്.

സൂചന:–1)സഹകരണ സംഘം രജിസ്ട്രാറുടെ 23.4.81 ലെ സി.പി (1) 18192/81 ലെ 17/81 നമ്പർ സർക്കുലർ.
2) സഹകരണസംഘം രജിസ്ട്രാറുടെ 2.9.2006 ലെ സി.പി(1) 36685/06 ലെ 39/06 നമ്പർ സർക്കുലർ.
3) സഹകരണസംഘം രജിസ്ട്രാറുടെ 16.6.2011 ലെ സി.ജി (3) 26835/09 ലെ 39/2011 നമ്പർ സർക്കുലർ.
4) സഹകരണസംഘം രജിസ്ട്രാറുടെ 16.8.2011 ലെ സി.ബി (3) 935/2011 ലെ 63/2011 നമ്പർ സർക്കുലർ.
5) ആക്റ്റ് 7 of Chapter X B-Sec 74 B
6) സർക്കാരിന്റെ 13.4.2012 ലെ 3227/ബി 2/2012/സഹ നമ്പർ കത്ത്.

കേരള സഹകരണ നിയമം സെക്ഷൻ 74 ബി യിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ ബാങ്കുകൾ ശാഖ ആരംഭിക്കുന്നതിനെ സംബന്ധിച്ച പല തർക്കങ്ങളും കേസുകളും ഉ ാകുന്ന സാഹചര്യത്തിലും സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിലും മറ്റും ഉ ായ വൈവിദ്ധ്യവത്കരണത്തിന്റേയും വളർച്ചയുടെയും അടിസ്ഥാനത്തിൽ സൂചന സർക്കുലറുകളിൽ ഭാഗീകമായ ഭേദഗതി വരുത്തി ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ ശാഖകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ മുഖാന്തരം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ ജനറൽ നു സമർപ്പിക്കേണ്ടതാണ്.
2. ജില്ലാ സഹകരണബാങ്കുകൾ/സഹകരണ അർബൻ ബാങ്കുകൾ/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ ശാഖകൾക്കുള്ള അപേക്ഷ ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ ജനറൽന് സമർപ്പിക്കേണ്ടതാണ്.

3. അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയുടെ ശാഖകൾക്കായുള്ള അപേക്ഷകൾ യഥാക്രമം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ഓഫീസർ മുഖാന്തിരം ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

4. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)പരിശോധിച്ച് ന്യൂനതകളുണ്ടെങ്കിൽ ആയത് പരിഹരിച്ചതിന് ശേഷം 30 ദിവസത്തിനകം ശാഖ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ സംബന്ധിച്ചുള്ള സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി സഹകരണ മേഖലയിലെ താഴേ പറയുന്ന ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തേണ്ടതാണ്.

1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റ് കണ്ണൂർ/തിരുവനന്തപുരം.
2. അഗ്രികൾച്ചറൽ കോഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മൺവിള, തിരുവനന്തപുരം.
3. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദ ബസ്റ്റ്, പുന്നപ്ര, ആലപ്പുഴ.
4. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റ്, നെയ്യാർഡാം, തിരുവനന്തപുരം.

സർവ്വേ നടത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിന് ടി സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

(എ) ശാഖ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ശാഖയുടെ വിജയ സാധ്യത
(ബി) ടി പ്രദേശത്ത് ബാങ്കിന്റെ നിലവിലുള്ള പ്രവർത്തനം-കാർഷിക വായ്പാ വിതരണം.
(സി) കൂടുതൽ വായ്പാ വിതരണം ചെയ്യുന്നതിനുള്ള സാദ്ധ്യത
(ഡി) പ്രദേശത്തെ മറ്റ് സഹകരണ സംഘങ്ങളെ ബാധിക്കുമോ?
(ഇ) ശാഖ നടത്തുന്നതിനുള്ള കെട്ടിടത്തിന്റെ ലഭ്യത, സുരക്ഷിതത്വം,ജീവനക്കാരുടെ വിന്യാസം.
(എഫ്) നിക്ഷേപം ലഭിക്കുവാനുള്ള സാധ്യത
(ജി) ശാഖ സ്വയം പര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാദ്ധ്യത
(എച്ച്) മറ്റു പ്രവർത്തനങ്ങൾക്കുള്ള സാധ്യത
(ഐ) ശാഖ ആരംഭിക്കുന്ന സ്ഥലത്ത് ഇതേ തരത്തിലുള്ള മറ്റൊരു സംഘത്തിന്റെ ആസ്ഥാനമോ ശാഖയോ ഉ ാ എന്ന് പരിശോധിക്കുക.

സാധ്യതപഠനം നടത്തുന്നതിന് ഓരോ ബാങ്കിന്റേയും നിർദ്ദിഷ്ട ശാഖകളുടെ പഠനത്തിന്റെ പ്രായോഗിക ബുദ്ധിമുട്ട് എന്നിവ കണക്കിലെടുത്ത് പരമാവധി 5000/- രൂപവരെ മേൽ സ്ഥാപനങ്ങൾക്ക് ഫീസായി ഈടാക്കാവുന്നതാണ്. പഠനം നടത്തുന്നതിനുവേ വാഹന സൗകര്യം തുടങ്ങിയവ അതാതു ബാങ്കുകൾ നൽകേണ്ടതാണ്. ടി സ്ഥാപനങ്ങൾ, സാധ്യത പഠനം നടത്തി റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർക്ക്

സമർപ്പിക്കേണ്ടതും, ജോയിന്റ് രജിസ്ട്രാർ, ടി പഠന റിപ്പോർട്ട് ഉൾപ്പെടെയുള്ള അപേക്ഷയും അനുബന്ധങ്ങളും, സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
കെ.ഗോപാലകൃഷ്ണ ഭട്ട് (ഐ.എ.എസ്)
സഹകരണസംഘം രജിസ്ട്രാർ